**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3293** **13-07-2022 - ൽ മറുപടിയ്ക്ക്**

**കുടിയൊഴിപ്പിക്കപ്പെട്ടവരുടെ പുനരധിവാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | എറണാകുളം ജില്ലയിലെ വല്ലാർപാടം കണ്ടെയ്‌നർ റോഡ് റെയിൽ പദ്ധതിക്ക് വേണ്ടി 2008 ൽ കുടിയൊഴിപ്പിക്കപ്പെട്ടവർക്ക് വേണ്ടി 2008 മാർച്ച് 19 ന്ന ഇറക്കിയ പുനരധിവാസ ഉത്തരവിന്മേൽ എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (എ) | എറണാകുളം ജില്ലയിലെ വല്ലാർപാടം കണ്ടെയ്നർ ട്രാൻസ്‌ഷിപ്മെന്റ് ടെർമിനൽ പദ്ധതിയുടെ ഭാഗമായി നാലുവരിപ്പാതയ്ക്കും റെയിൽപ്പാതയ്ക്കും വേണ്ടിയുള്ള സ്ഥലമെടുപ്പ് മൂലം കുടിയൊഴിപ്പിക്കപ്പെട്ടവർക്ക് 19/03/2008-ലെ സ.ഉ.(കൈ) നമ്പർ 62/2008/റവ പുനരധിവാസ ഉത്തരവിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>(1) ICTT വല്ലാർപാടം പദ്ധതിക്ക് കുടിയൊഴിപ്പിക്കപ്പെട്ട 315 കുടുംബങ്ങളിൽ 1 സെന്റ് മുതൽ 5 സെന്റ് വരെ ഭൂമി നഷ്ടപ്പെട്ടവർക്ക് 5 സെന്റ് സ്ഥലവും അതിന് മുകളിൽ ഉള്ളവർക്ക് 6 സെന്റ് സ്ഥലവും നൽകിയിട്ടുണ്ട്. ഭൂമിയുടെ ലഭ്യത കുറവായതിനാൽ സ്പെഷ്യൽ പുനരധിവാസ അലവൻസായി DLPC നിശ്ചയിച്ച സ്ഥലവില കണക്കാക്കി കൂടുതലായി വരുന്ന സ്ഥലത്തിന്റെ തുക നൽകുകയുണ്ടായി.<br><br>(2) കുടിയൊഴിപ്പിക്കപ്പെട്ട 315 കുടുംബങ്ങൾക്കും മൂലമ്പിള്ളി, കോതാട്, കോരമ്പാടം, വടുതല, തൈക്കാവ്കുളം, തുതിയൂർ (കാക്കനാട്), തുതിയൂർ (വാഴക്കാല), മുളവുകാട് എന്നീ സ്ഥലങ്ങളിലായി പുനരധിവാസ ഭൂമി അനുവദിച്ചിട്ടുള്ളതും, പ്രസ്തുത ഭൂമിയിൽ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനുള്ള ഫണ്ട് കൊച്ചിൻ പോർട്ട് ട്രസ്റ്റ് നൽകിയിട്ടുള്ളതാണ്.<br><br>(3) മൂലമ്പിള്ളി, കോതാട്, കോരമ്പാടം, മുളവുകാട്, തുതിയൂർ (കാക്കനാട്), വടുതല, എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യം 31/07/2012-ലും തുതിയൂർ (വാഴക്കാല) സ്ഥലത്തെ അടിസ്ഥാന സൗകര്യം 31/07/2013-ലും പൂർത്തിയാക്കിയിട്ടുള്ളതുമാണ്. പ്രസ്തുത തീയതി മുതൽ 6 മാസം കൂടി ചേർത്തുള്ള വാടക പ്രതിമാസം 5000/- രൂപ വീതം |

| | | | |
|---|---|---|---|
| | | | നൽകിയിട്ടുള്ളതാണ്. അടിസ്ഥാന സൗകര്യം പൂർത്തിയാക്കിയ തീയതി മൂലമ്പള്ളി മോണിറ്ററിംഗ് കമ്മിറ്റിയിൽ അംഗീകരിച്ചിട്ടുള്ളതുമാണ്.<br><br>(4) ഷിഫ്റ്റിംഗ് ചാർജ്ജ് 10,000/- രൂപ എല്ലാ കുടുംബങ്ങൾക്കും നൽകിയിട്ടുള്ളതാണ്.<br><br>(5) പുനരധിവാസ സ്ഥലത്ത് വീട് പൂർത്തിയാകുന്ന മുറയ്ക്ക് വെള്ളം, വൈദ്യുതി കണക്ഷനുകൾ മുൻഗണന നൽകി അനുവദിച്ചു വരുന്നു. |
| (ബി) | പുനരധിവാസ ഭൂമികളിൽ റോഡ് , വൈദ്യുതി, കുടിവെള്ളം, ഡ്രെയിനേജ്, ഇരുനിലക്കെട്ടിടം പണിയത്തക്ക എ ക്ലാസ് ഭൂമി, എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതുവരെ പ്രതിമാസം എത്ര രൂപ വീട്ടു വാടക ഇനത്തിൽ നൽകണമെന്നാണ് ബഹു ഹൈക്കോടതി വിധിയിൽ പറഞ്ഞിരിക്കുന്നത്; ഈ തുക ഏതു വർഷം വരെ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | മൂലമ്പിള്ളി, കോതാട്, കോരമ്പാടം, മുളവുകാട്, തുതിയൂർ (കാക്കനാട്), വടുതല, എന്നീ സ്ഥലങ്ങളിലെ അടിസ്ഥാന സൗകര്യം 31/07/2012-ൽ പൂർത്തീകരിച്ചിട്ടുള്ളതും പ്രസ്തുത പുനരധിവാസ സ്ഥലം കിട്ടിയവർക്ക് 31/01/2013 വരെ പ്രതിമാസം 5000/- രൂപ വാടക നൽകിയിട്ടുണ്ട്. തുതിയൂർ (വാഴക്കാല) പുനരധിവാസ സ്ഥലത്തിന്റെ അടിസ്ഥാന സൗകര്യം 31/07/2013-ൽ പൂർത്തിയാക്കിയിട്ടുള്ളതും പ്രസ്തുത പുനരധിവാസ സ്ഥലം കിട്ടിയവർക്ക് 31/01/2014 വരെ പ്രതിമാസം 5000/- രൂപ നൽകിയിട്ടുണ്ട്. |
| (സി) | കുടിയൊഴിപ്പിക്കപ്പെട്ട കുടുംബത്തിലെ ഒരാൾക്ക് വീതം വിദ്യാഭ്യാസ യോഗ്യത അനുസരിച്ച് ജോലി നൽകും എന്ന സർക്കാർ ഉത്തരവ് അനുസരിച്ച് എത്രപേർക്ക് ജോലി നൽകിയിട്ടുണ്ട്; ആർക്കൊക്കെ; പേരു വിവരം വെളിപ്പെടുത്തുമോ; | (സി) | പ്രസ്തുത പദ്ധതിയിൽ കുടിയൊഴിപ്പിക്കപ്പെട്ടവരിൽ ആർക്കും ജോലി നൽകിയിട്ടില്ലാത്തതാണ്. ICTT വല്ലാർപാടം പദ്ധതി BOT വ്യവസ്ഥയിൽ ആയതിനാൽ കുടിയൊഴിപ്പിക്കപ്പെട്ട കുടുംബത്തിലെ അംഗങ്ങൾക്ക് ജോലി നൽകുന്നതിന് സാധ്യമല്ലായെന്നുള്ള വിവരം കൊച്ചി പോർട്ട് ട്രസ്റ്റ് അറിയിച്ചിട്ടുള്ളതാണ്. |
| (ഡി) | എറണാകുളം ജില്ലയിലെ ചേരാനല്ലൂർ വില്ലേജിലെ വടുതല പുനരധിവാസ ഭൂമിയിലെ റോഡ് നിർമ്മാണവും വെള്ളക്കെട്ട് ഒഴിവാക്കാൻ ഡ്രെയിനേജ് നിർമ്മിക്കലും കളിസ്ഥലത്തിന്റെ പുനരുദ്ധാരണവും എന്നത്തേക്ക് തുടങ്ങി എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കും എന്ന് വ്യക്തമാക്കുമോ? | (ഡി) | വടുതല പുനരധിവാസ പ്ലോട്ടിൽ കളി സ്ഥലം നിർമ്മിക്കുന്നതിനായി GCDA പ്രൊപ്പോസൽ ലഭ്യമാക്കിയാൽ തുടർനടപടി സ്വീകരിക്കാമെന്ന് മൂലമ്പള്ളി മോണിറ്ററിംഗ് കമ്മിറ്റി അംഗങ്ങളെ 07/02/2019-ന് കൂടിയ യോഗത്തിൽ അറിയിച്ചിട്ടുള്ളതാണ്. എന്നാൽ GCDA ഇതുവരെയും പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടില്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ